بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 04.02.2022

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

### ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 9

اَشْھَدُ اَنْ لَّاۤ اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ اَلرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ
نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○ اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ
عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ)ന്റെ അനുസ്മരണമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ചില യുദ്ധങ്ങളും പരാമർശിക്കപ്പെട്ടിരുന്നു. അബ്ദുറഹ്മാൻ ഇബ്നു ഗനം(റ)വിൽ നിന്ന് നിവേദനം: തിരുനബി(സ) ബനൂ ഖുറൈസയിലേക്ക് പോകുമ്പോൾ, അബൂബക്കറും ഉമറും(റ) നബി(സ)യോടു പറഞ്ഞു: ആളുകൾ അങ്ങയെ ഭൗതിക അലങ്കാരമുള്ള വസ്ത്രത്തിൽ കാണുകയാണെങ്കിൽ അവർക്ക് ഇസ്‌ലാം സ്വീകരിക്കാൻ കൂടുതൽ ആഗ്രഹം ഉണ്ടാകും. അദ്ദേഹം പറഞ്ഞു: ഉമർ ബിൻ ഖത്താബിന്റെ ഉദാഹരണം മലക്കുകളിൽ ജിബ്‌രീലിനെപ്പോലെയാണ്. അല്ലാഹു ജിബ്‌രീൽ മുഖേനയാണ് എല്ലാ ജനതകളെയും നശിപ്പിച്ചത്. പ്രവാചകൻമാരിൽ അതിനുള്ളത് നൂഹ് നബി(അ)ന്റെ മാതൃകയാണ്: അദ്ദേഹം പറഞ്ഞു: رَبِّ لَا تَذَرۡ عَلَی الۡاَرۡضِ مِنَ الۡکٰفِرِیۡنَ دَیَّارًا എന്റെ നാഥാ! അവിശ്വാസികളിൽ ഒരാളേയും നീ ഭൂമിയിൽ ബാക്കിയാക്കരുതേ. അബൂബക്കർ(റ)ന്റെ ഉദാഹരണം മീക്കാഈലിനെപ്പോലെയാണ്. ഭൂമിയിലുള്ളവരോട് അവൻ പാപമോചനം തേടുന്നു. പ്രവാചകന്മാരിൽ അദ്ദേഹത്തിന്റെ മാതൃക ഹദ്റത്ത് ഇബ്റാഹീം(അ)നെ പോലെയാണ്. അദ്ദേഹം പറഞ്ഞു: فَمَنۡ تَبِعَنِیۡ فَاِنَّہٗ مِنِّیۡ ۚ وَمَنۡ عَصَانِیۡ فَاِنَّکَ غَفُوۡرٌ رَّحِیۡمٌ എന്നെ പിൻപറ്റിയവർ തീർച്ചയായും എന്നിൽ നിന്നുള്ളവർ ആകുന്നു. എന്നെ ധിക്കരിക്കുകയാണെങ്കിൽ തീർച്ചയായും നീ ഏറെ പൊറുക്കുന്നവനും കാരുണ്യവാനുമാകുന്നു.

തിരുനബി(സ) പറഞ്ഞു: നിങ്ങൾ രണ്ടുപേരും എതെങ്കിലും ഒരു കാര്യത്തിൽ ഏകാഭിപ്രായത്തിൽ എത്തിയാൽ ആ അഭിപ്രായത്തിൽ ഞാൻ നിങ്ങൾക്കെതിരായി പ്രവർത്തിക്കുന്നതല്ല. എന്നാൽ അഭിപ്രായത്തിൽ നിങ്ങൾ രണ്ടുപേരുടെയും അവസ്ഥ വ്യത്യസ്തമാണ്. ജിബ്‌രീലിനെയും മീക്കാഈലിനേയും, നൂഹിനേയും ഇബ്റാഹീമിനേയും പോലെ.

ബനൂ ഖുറൈസയിൽ, അമ്പെയ്തിരുന്നവരിൽപെട്ട ഹദ്റത്ത് സഅദ്(റ), ഹദ്റത്ത് കഅബ് ബിൻ അംർ മാസ്നി(റ) എന്നിവർ ധാരാളമായി അമ്പെയ്തിരുന്നുവെന്ന് ഒരു നിവേദനമുണ്ട്. രാത്രിയുടെ ഒരു ഭാഗം കഴിഞ്ഞപ്പോൾ അവർ തങ്ങളുടെ താവളങ്ങളിലേക്ക് മടങ്ങുകയും ഹദ്റത്ത് സാദ് ബിൻ ഉബാദ(റ) അയച്ച ഈത്തപ്പഴം ഭക്ഷിച്ച് ദിവസം കഴിച്ചുകൂട്ടുകയും ചെയ്തു. നബി(സ)യും ഹദ്റത്ത് അബൂബക്കർ(റ)വും ഹദ്റത്ത് ഉമർ(റ)വും ഈത്തപ്പഴം കഴിക്കുന്നുണ്ടായിരുന്നു. ഈന്തപ്പഴം എത്ര നല്ല ഭക്ഷണമാണെന്ന് പ്രവാചകൻ(സ) പറയുന്നുണ്ടായിരുന്നു. ഹദ്റത്ത് ആയിശ(റ) പറയുന്നു: ഹദ്റത്ത് സഅദ് ബിൻ മുആദ്(റ) മരണാസന്നനായപ്പോൾ നബി(സ)യും ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമറും(റ) അദ്ദേഹത്തിന്റെ അടുക്കൽ വന്നു. മുഹമ്മദ്(സ)ന്റെ ജീവൻ കയ്യിലുള്ളവനെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു. ഞാൻ എന്റെ മുറിയിലായിരുന്നപ്പോൾ അബൂബക്കർ(റ)ന്റെ കരച്ചിലും ഉമർ(റ)ന്റെ കരച്ചിലും വേർതിരിച്ചറിയാൻ എനിക്ക് സാധിച്ചിരുന്നു. رُحَمَآءُ بَیۡنَہُمۡ അതായത്, അവർ പരസ്പരം വളരെയധികം സ്നേഹിക്കുന്നു എന്ന് അല്ലാഹു പറഞ്ഞതുപോലെയുള്ള അവസ്ഥയിൽ അവർ കരയുകയായിരുന്നു.

നബി(സ) ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ആയിരത്തി നാനൂറോളം വരുന്ന സ്വഹാബികളോടൊപ്പം ഹിജ്റ ആറ് ദുൽഖഅദയിൽ ഉംറ നിർവഹിക്കാൻ പുറപ്പെട്ടതായി ഹുദൈബിയയുടെ സമാധാന ഉടമ്പടിയെ സംബന്ധിച്ച് മുൻ ഖുത്ബയിൽ പരാമർശിച്ചിട്ടുണ്ട്. മക്കയിൽ പ്രവേശിക്കുന്നത് തടയാൻ മക്കയിലെ സത്യനിഷേധികൾ ഒരുങ്ങിയതായി നബി(സ) മനസ്സിലാക്കി. ഈ അവസരത്തിൽ പ്രവാചകനുമായുള്ള ഖുറൈശികളുടെ ഉടമ്പടിയുടെ നിബന്ധനകൾക്ക് അന്തിമരൂപം നൽകിയതായി ബുഖാരിയിൽ പരാമർശമുണ്ട്. ആ സമയത്ത് സുഹൈൽ ബിൻ അംറിന്റെ മകൻ അബൂജന്ദൽ ചങ്ങലകളാൽ ബന്ധനസ്ഥനായികൊണ്ട് അവിടെയെത്തി. മക്കയിൽ നിന്നുള്ള അംബാസഡറായിരുന്ന സുഹൈൽ ബിൻ അംർ അദ്ദേഹത്തെ തിരികെ അയക്കണമെന്ന് ആവശ്യപ്പെട്ടു. നബി(സ) അദ്ദേഹത്തെ ഖുറൈശികൾക്ക് തിരികെ നൽകി. ഉമർ(റ) ഇത് അംഗീകരിക്കാൻ

ആകാതെ നബി(സ)യോട് പറഞ്ഞു: താങ്കൾ അല്ലാഹുവിന്റെ ദൂതനല്ലേ? നബി(സ) പറഞ്ഞു: അതെ, തീർച്ചയായും. ഹദ്റത്ത് ഉമർ പറഞ്ഞു: നമ്മൾ സത്യത്തിലും നമ്മുടെ ശത്രു അസത്യത്തിലുമല്ലേ? നബി(സ) പറഞ്ഞു: അതെ, അങ്ങനെ തന്നെയാണ്. ഹദ്റത്ത് ഉമർ പറഞ്ഞു: പിന്നെ എന്തിന് അപമാനകരമായ നിബന്ധനകൾ അംഗീകരിക്കണം? നബി(സ) പറഞ്ഞു: ഞാൻ ദൈവത്തിന്റെ ദൂതനാണ്, ദൈവത്തിന്റെ ഉദ്ദേശ്യം എനിക്കറിയാം, എനിക്ക് അതിനെതിരെ നീങ്ങാൻ സാധിക്കില്ല, അവൻ തന്നെയാണ് എന്റെ സഹായി. ഹദ്റത്ത് ഉമർ പറഞ്ഞു: ഞങ്ങൾ ബൈത്തുല്ലായെ ത്വവാഫ് ചെയ്യുമെന്ന് അങ്ങ് പറഞ്ഞിരുന്നില്ലേ? നബി(സ) പറഞ്ഞു: ഈ ത്വവാഫ് ഇതേ വർഷം തന്നെ നടക്കുമെന്ന് ഞാൻ പറഞ്ഞോ? ഹദ്റത്ത് ഉമർ പറഞ്ഞു: ഇല്ല. നബി(സ) പറഞ്ഞു: എങ്കിൽ കാത്തിരിക്കുക, നിങ്ങൾ തീർച്ചയായും മക്കയിൽ പ്രവേശിക്കുകയും കഅ്ബയെ ത്വവാഫ് ചെയ്യുകയും ചെയ്യുന്നതാണ്. എന്നാൽ ഹദ്റത്ത് ഉമർ(റ) ഇതിൽ തൃപ്തനാകാതെ ഹദ്റത്ത് അബൂബക്കറിന്റെ അടുത്ത് ചെന്ന് ഇതേ രീതിയിൽ സംസാരിച്ചു. ഹദ്റത്ത് അബൂബക്കറും ഇതേ മറുപടി നൽകി, എന്നിട്ട് ഇതും കൂടി പറഞ്ഞു: നോക്കൂ ഉമർ, അല്ലാഹുവിന്റെ ദൂതന്റെ ഉടമ്പടിയെ നിങ്ങൾ ശക്തമായി തന്നെ പിടിക്കുക. കാരണം അല്ലാഹുവാണേ, ഈ വ്യക്തി സത്യവാനാണ്. ഹദ്റത്ത് ഉമർ പറയുന്നു: പിന്നീട് ഞാൻ വളരെ പശ്ചാത്തപിച്ചു. പ്രായശ്ചിത്തമെന്ന നിലക്ക് എന്റെ തെറ്റ് കാരണം വളരേയധികം ഐച്ഛിക കർമങ്ങൾ അനുഷ്ഠിച്ചു.

ഹുദൈബിയ്യ സന്ധിയെ വിശദീകരിച്ചുകൊണ്ട് ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഉർവ നബി(സ) യുടെ സവിധത്തിൽ വരികയും ഖുറൈശികൾക്ക് അനുകൂലമായ പരമാവധി വ്യവസ്ഥകൾ ഉറപ്പാക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് പറഞ്ഞു: അല്ലയോ മുഹമ്മദ്(സ), ഞാൻ ദൈവത്തെക്കൊണ്ട് സത്യം ചെയ്തു പറയുന്നു, ഖുറൈശികൾ വിജയിക്കുകയാണെങ്കിൽ നിങ്ങളെ വിട്ടുപോകുന്ന മുഖങ്ങളെയാണ് നിങ്ങളുടെ ചുറ്റും ഞാൻ കാണുന്നത്. ആ സമയം തിരുനബി(സ) യുടെ അരികിലിരുന്ന ഹദ്റത്ത് അബൂബക്കർ(റ) ഉർവയുടെ ഈ വാക്കുകൾ കേട്ട് കോപാകുലനായി, നീ പോയി നിന്റെ വിഗ്രഹത്തെ ചുംബിച്ചു നടക്കുക എന്ന് പറഞ്ഞു. ഞങ്ങൾ ദൈവദൂതനെ കൈവെടിയുമെന്നാണോ? (നീ കരുതിയത്). അതായത്, വിഗ്രഹങ്ങൾക്കുവേണ്ടി നിങ്ങൾ ക്ഷമയും സ്ഥിരോത്സാഹവും കാണിക്കുകയും ദൈവത്തിൽ വിശ്വസിച്ച് ഞങ്ങൾ അല്ലാഹുവിന്റെ ദൂതനെ ഉപേക്ഷിച്ച് ഓടിപ്പോകുകയും ചെയ്യുമോ ?

സീറത്ത് ഖാതമുന്നബിയ്യീനിൽ വന്നിരിക്കുന്നു, ഹുദൈബിയാ ഉടമ്പടിയുടെ രണ്ട് കോപ്പികൾ തയ്യാറാക്കി, മുസ്‌ലിംകൾക്ക് വേണ്ടി സാക്ഷിയായി ഒപ്പിട്ടവരിൽ അബൂബക്കറും ഉൾപ്പെടുന്നു. ഹുദൈബിയാ സന്ധിയേക്കാൾ മഹത്തായ വിജയം ഇസ്‌ലാമിൽ ഇല്ലെന്ന് ഹദ്റത്ത് അബൂബക്കർ പറയാറുണ്ടായിരുന്നു.

ഹിജ്റ 6 ൽ ആണ് ബനൂ ഫസാറയുടെ നേരെയുള്ള സൈനീക നീക്കം നടന്നത്. ഈ സൈനീക നീക്കത്തിന്റെ അമീറായി പ്രവാചകൻ(സ) അബൂബക്കറിനെ ആണ് നിയമിച്ചിരുന്നത്. ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഈ സൈനീക നീക്കത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു: ഇതിൽ നിരവധി ബഹുദൈവാരാധകർ കൊല്ലപ്പെടുകയും പലരും തടവുകാരായി പിടിക്കപ്പെടുകയും ചെയ്തു.

നജ്ദിലേക്കുള്ള സൈനീക നീക്കത്തെ കുറിച്ച് ഹിജ്റ 7 ശഅ്ബാനിൽ സംഭവിച്ചതായി എഴുതിയിരിക്കുന്നു. നബി(സ) ഹദ്റത്ത് അബൂബക്കർ(റ)നെ അയക്കുകയും നമ്മുടെമേൽ അമീറാക്കുകയും ചെയ്തുവെന്ന് സൽമാ ബിൻ അകൂഅ് നിവേദനം ചെയ്യുന്നു.

ഹിജ്റ 7 മുഹറം മാസത്തിൽ നബി(സ) ഖൈബറിലേക്ക് പുറപ്പെട്ടതായി ഖൈബർ യുദ്ധത്തെ കുറിച്ച് പരാമർശിക്കപ്പെടുന്നു. (അവിടെയുള്ള യഹൂദികളുടെ) ഒരു കോട്ട ഹദ്റത്ത് അബൂബക്കർ(റ) കീഴടക്കിയെന്നും മറ്റൊരു കോട്ട ഹദ്റത്ത് ഉമർ(റ) കീഴടക്കിയെന്നും മൂന്നാമത്തെ കോട്ട ഹദ്റത്ത് അലി(റ) കീഴടക്കിയെന്നും ലാഹോറിൽ നിന്ന് പ്രസിദ്ധീകരിച്ച സയ്യിദുനാ സിദ്ദീഖേ അക്ബർ എന്ന പുസ്തകത്തിന്റെ രചയിതാവ് എഴുതിയിട്ടുണ്ട്. ഖൈബർ കീഴടക്കിയ ശേഷം നബി(സ) മറ്റു ബന്ധുക്കൾക്കൊപ്പം അബൂബക്കറിനും നൂറ് വസ്ഖ് ധാന്യവും ഈത്തപ്പഴവും നൽകി.

ഖുറൈശികളുടെ സഖ്യകക്ഷിയായ ബനൂബക്ർ, ഹുദൈബിയാ സമാധാന ഉടമ്പടി ലംഘിച്ചുകൊണ്ട് മുസ്‌ലിംകളുടെ സഖ്യകക്ഷിയായ ബനൂഖസാഅ ഗോത്രത്തെ ആക്രമിച്ചു. ഖുറൈശികൾ ആയുധങ്ങളും യാത്രാമൃഗങ്ങളും നൽകി ബനൂബക്റിനെ സഹായിക്കുകയും ഹുദൈബിയാ ഉടമ്പടിയിലെ നിബന്ധനകളെ അവഗണിക്കുകയും ചെയ്തു. അപ്പോൾ അബൂസുഫിയാൻ മദീനയിൽ എത്തി, പുതിയ ഹുദൈബിയാ സന്ധി പുതുക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം റസൂൽ(സ)ന്റെ അടുത്ത് ചെന്നു, പക്ഷേ നബി(സ) അയാളുടെ ചോദ്യങ്ങൾക്കൊന്നും ഉത്തരം പറഞ്ഞില്ല. എന്നിട്ട് ഹദ്റത്ത് അബൂബക്കറിന്റെയും ഹദ്റത്ത് ഉമറിന്റെയും(റ) അടുത്ത് ചെന്ന് നബിയോട് സംസാരിക്കാൻ ആവശ്യപ്പെട്ടു. അവരുടെ നിഷേധത്തിൽ അയാൾക്ക് നിരാശനായി മടങ്ങേണ്ടി വന്നു.

ഹിജ്റ 8 റമദാനിൽ നടന്ന മക്കാ വിജയ യുദ്ധത്തെ ഗസ്‌വത്തുൽ ഫത്ഹുൽ അഅ്സം (മഹത്തായ വിജയത്തിന്റെ യുദ്ധം) എന്നും പറയപ്പെടുന്നു. തിബ്‌രിയുടെ ചരിത്രത്തിൽ പറയുന്നു: പ്രവാചകൻ(സ)

യാത്രക്ക് തയ്യാറെടുക്കാൻ നിർദേശിച്ചു. തന്റെ വീട്ടുകാരോട് സാധനങ്ങൾ തയ്യാറാക്കാൻ നബി(സ) ആവശ്യപ്പെട്ടു. ഹദ്റത്ത് അബൂബക്കർ തന്റെ മകൾ ഹദ്റത്ത് ആയിശ(റ)യുടെ വീട്ടിൽ പോയപ്പോൾ അവർ നബി(സ)യുടെ സാധനങ്ങൾ ഒരുക്കുകയായിരുന്നു. സീറത്ത് ഹലബിയയിൽ എഴുതിയിരിക്കുന്നു, ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് ആയിശ(റ)യോട് ഇതേക്കുറിച്ച് അന്വേഷിക്കുന്ന ആ സമയത്ത് നബി(സ)യും ആഗതനായി. അബൂബക്കർ(റ) ഇതിനെക്കുറിച്ചു ചോദിച്ചപ്പോൾ നബി(സ) പറഞ്ഞു: ഖുറൈശികളോട് യുദ്ധം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഹദ്റത്ത് അബൂബക്കർ വീണ്ടും ചോദിച്ചു: ഖുറൈശികളും ഞങ്ങളും തമ്മിലുള്ള കരാറിന്റെയും അനുരഞ്ജനത്തിന്റെയും കാലയളവ് ഇനിയും ബാക്കിയില്ലേ? നബി(സ) പറഞ്ഞു: അതെ, എന്നാൽ അവർ ഉടമ്പടി ലംഘിക്കുകയും വഞ്ചിക്കുകയും ചെയ്തിരിക്കുന്നു. പക്ഷേ ഈ കാര്യത്തെ രഹസ്യമാക്കി തന്നെ സൂക്ഷിക്കുക.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നബി(സ)യുടെ കൽപ്പനപ്രകാരം ആയിരക്കണക്കിന് പേരടങ്ങുന്ന ഒരു സൈന്യം സജ്ജമായി. യുദ്ധത്തിന് പുറപ്പെട്ടപ്പോൾ നബി(സ) പറഞ്ഞു: ഓ എന്റെ നാഥാ, മക്കയിലെ ജനങ്ങൾക്ക് ബധിരതയും അവരുടെ ചാരന്മാരുടെ കണ്ണുകൾക്ക് അന്ധതയും നൽകാൻ ഞാൻ ദുആ ചെയ്യുകയാണ്; അവർ ഞങ്ങളെ കാണാതിരിക്കാനും അവരുടെ ചെവികളിൽ ഞങ്ങളുടെ കാര്യങ്ങൾ എത്താതിരിക്കാനും വേണ്ടി. മദീനയിൽ നൂറുകണക്കിന് കപടവിശ്വാസികൾ ഉണ്ടായിരുന്നു; (എന്നിട്ടുകൂടി) പതിനായിരങ്ങൾ അടങ്ങുന്ന ഒരു സൈന്യം പുറപ്പെട്ടു, (ഇതിനെക്കുറിച്ച്) മക്കയിൽ ഒരു സൂചന പോലും എത്തിയില്ല. അതെല്ലാം സർവ ശക്തനായ അല്ലാഹുവിന്റെ പ്രവൃത്തികളായിരുന്നു.

ത്വബഖാത്ത് ഇബ്നു സഅദിൽ എഴുതിയിട്ടുണ്ട്, മക്കയിൽ നിന്ന് മദീനയിലേക്കുള്ള യാത്രാമധ്യേ 25 കിലോമീറ്റർ അകലെയുള്ള മർറ ദഹ്റാനിൽ ഇശായുടെ സമയത്ത് മുസ്‌ലിംകളുടെ സംഘം വന്നിറങ്ങി. നബി(സ)ന്റെ ആജ്ഞപ്രകാരം സ്വഹാബികൾ പതിനായിരം സ്ഥലങ്ങളിൽ തീ കത്തിച്ചു. വിവരം ഖുറൈശികളിലെത്തിയപ്പോൾ അബൂസുഫിയാൻ ഇബ്നു ഹർബ്, ഹക്കീം ഇബ്നു ഹസാം, ബദീൽ ഇബ്നു വർഖാ എന്നിവരെ നബി(സ)യിൽ നിന്ന് തങ്ങൾക്ക് അഭയം ആവശ്യപ്പെടാൻ അയച്ചു. അവർ സൈന്യത്തെ കണ്ടപ്പോൾ വല്ലാതെ അസ്വസ്ഥരായി. അബൂസുഫിയാന്റെ ശബ്ദം കേട്ടപ്പോൾ ഹദ്റത്ത് അബ്ബാസ്(റ) ഉറക്കെ വിളിച്ചു പറഞ്ഞു: അബൂ ഹന്ദലാ! അബൂസുഫിയാന്റെ വിളിപ്പേരായിരുന്നു അത്. (അബൂസുഫിയാൻ) പറഞ്ഞു: ലബ്ബൈക്ക്. ഹദ്റത്ത് അബ്ബാസ്(റ) അദ്ദേഹത്തിന് അഭയം നൽകി. ഇദ്ദേഹത്തെയും രണ്ടു സുഹൃത്തുക്കളേയും നബി(സ)യുടെ സവിധത്തിൽ ഹാജരാക്കി. മൂന്നു പേരും ഇസ്‌ലാം സ്വീകരിച്ചു.

ഈ അനുസ്മരണം ഇനിയും തുടരുന്നതാണ്. ഇൻശാ അല്ലാഹ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 04.02.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**